ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: പി. എസ്. സി. നിയമിച്ചുകൊണ്ടു് യോഗ്യതയില്ലാത്തവരാണെങ്കിലും ഗവണ്മെൻറ് സ്കൂളുകളിൽ തുടരാമെന്ന മനോഭാവം പ്രൈവറ്റ് സ്കൂൾ ടീച്ചേഴ്സിൻെറ കാര്യത്തിൽ ഉണ്ടാകാത്തതു് എന്താണു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഒരു പ്രത്യേക സാഹചര്യത്തിൽ തെറ്റായ ഒരു ആനുകൂല്യം കൊടുത്തുപോയാൽ, അതു പിന്നെ തുടരണമെന്നു പറയുന്നതു് എന്തടിസ്ഥാനത്തിലാണെന്നു മനസ്സിലാകുന്നില്ല. പ്രൈവറ്റ് സ്കൂളുകളിലെ അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം അവരെ തുടർന്നു നിയമിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി ആലോചിക്കുകയും, ശരിയായ കപ്പാളിഫിക്കേഷൻ സമ്പാദിക്കുന്നതിനുള്ള സമയം അനുവദിക്കുകയും ചെയ്തിട്ടുണ്ടു്. സമയം അനുവദിച്ചിട്ടും, ആ കാലത്തിനുള്ളിൽ അവർ കപ്പാളിഫിക്കേഷൻ ഇംപ്രൂവു ചെയ്തിട്ടില്ല. ഇനിയും കാലാവധി കൊടുക്കുകയാണു്.

ശ്രീ അലക്സാണ്ടർ പറമ്പിത്തറ: കാലാവധി കഴിയുന്നതുവരെ വരെ പിരിച്ചുവിടാതിരിക്കാൻ ഏർപ്പാടു ചെയ്യുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതുവരെ ഒരു കാലാവധി നിശ്ചയിച്ചിരുന്നു; ഇപ്പോൾ പിന്നെയും കാലാവധി നീട്ടിക്കൊടുത്തിരിക്കുകയാണു്.

ശ്രീ. ഇ. പി. ഗോപാലൻ: പി. എസ്. സി. ഇതിനു മുൻപു് ഇവിടെ കപ്പാളിഫിക്കേഷൻ കുറഞ്ഞ ആളുകളെ ഗവണ്മെൻറ് സർവ്വീസിൽ എടുത്തിട്ടുണ്ടെന്നു പറഞ്ഞു. അതുപോലെ മലബാർ ഡിസ്ട്രിക്ടിൻറെ ബോഡ്സിൽ, അന്നത്തെ പ്രസിഡൻറ് ശരിയായ രീതിപ്രകാരം കപ്പാളിഫിക്കേഷൻ കുറഞ്ഞവരെ നിയമിച്ചിട്ടുള്ള കാര്യം ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇതു രണ്ടും രണ്ടാണു്. അന്നു് ഡിസ്ട്രിക്ടിൻറെ ബോർഡിൽ, എമർജൻസി കേസിൽ അദ്ധ്യാപകരെ നിയമിക്കാനും, അവരെ സംബന്ധിച്ചു ചില വിട്ടുവീഴ്ചകളും അനുവദിക്കാനും വ്യവസ്ഥയുണ്ടായിരുന്നു. ഇതു ക്രാഫ്ടിൻറെ ടീച്ചേഴ്സിൻെറ കാര്യമാണു്. അതു കൂട്ടത്തിൽപെടുന്നതല്ല.

തങ്കശ്ശേരിയെ തുറമുഖമായി ഉയർത്തുവാനുള്ള പദ്ധതി.

* 1635. [5] ശ്രീ. പി. ഗോപാലൻ: താഴെ കണ്ടെന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കശ്ശേരിയെ ഒരു തുറമുഖമായി ഉയർത്തുവാൻ വല്ല പദ്ധതിയും കേന്ദ്ര ഗവണ്മെൻറിനു് സമർപ്പിച്ചിട്ടുണ്ടോ;

(ബി) അതിൽ അഷ്ടമുടിക്കായലിനെയും, നിർദ്ദിഷ്ട പോർട്ടിനെയും യോജിപ്പിക്കുന്ന ഒരു കനാൽ നിർമ്മാണം ഉൾപ്പെട്ടിട്ടിയിട്ടുണ്ടോ;

(സി) ഇതിൻെറ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്):

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) സാങ്കേതികമായി വിശദീകരണം ഗവണ്മെൻറ് ഓഫ് ഇൻഡ്യ ആവശ്യപ്പെട്ടിട്ടുണ്ടു്; അതു തയ്യാറാക്കിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പി. ഗോപാലൻ: എങ്ങനെയുള്ള നിർദ്ദേശമാണു നൽകിയിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുൽ മജീദ്: ഒരു ചെറിയ തുറമുഖമാക്കാനാണ് നിർദ്ദേശം, അതു പരിശോധിക്കുകയാണ്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഇതുമൂലം ഇന്നു തങ്കശ്ശേരി എന്നു പറയപ്പെടുന്ന സ്ഥലം ഇല്ലാതാകുകയും, അവിടെ താമസിക്കുന്നവർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുകയും ചെയ്യുമെന്നു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. അബ്ദുൽ മജീദ്: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ആ സ്ഥലം നശിപ്പിച്ചു കളയാതെ, അതുകൂടി ഓർമ്മയിരിക്കത്തക്കവിധത്തിൽ ഈ പദ്ധതി പ്രയോഗത്തിൽ വരുത്താൻ വല്ല ശ്രമവും ചെയ്യുമോ?

ശ്രീ. അബ്ദുൽ മജീദ്: ഇതു നശിപ്പിച്ചു കളയാനല്ല, അവിടെ ഒരു തുറമുഖം ഉണ്ടാക്കാനാണ്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഇപ്പോഴത്തെ താമസക്കാർക്ക് കുഴപ്പമുണ്ടാകാതെ, അധികം ജനവാസമില്ലാത്ത സ്ഥലത്തുകൂടി കനാൽ വെട്ടുന്നതിനു വേണ്ട മുൻകൂട്ടൽ ശ്രമങ്ങൾ ചെയ്യുമോ; അങ്ങനെ നിവേദനം കിട്ടിയിട്ടില്ല?

ശ്രീ. അബ്ദുൽ മജീദ്: നിവേദനം കിട്ടിയാൽ പോരാ; ഈ കാര്യത്തെപ്പറ്റി വേണ്ടത്ര വിവരമുള്ളവർ പരിശോധിച്ചതിനുശേഷം തീരുമാനിച്ചതാണ്. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ആളുകൾ പരിശോധിച്ചു തയ്യാറാക്കിയ ഒരു പദ്ധതിയാണിത്.

ഐ വീക്കിലി ഡിസ്പെൻസറികൾ.

* 1636. [6] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ ആകെ എത്ര ഐ വീക്കിലി ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നു;

(ബി) എറണാകുളം ജില്ലയിൽ തൃക്കാക്കര-കാക്കനാട്ട് കരിങ്കൽക്വാറി പ്രദേശത്തു ഒരു ഐ വീക്കിലി ഡിസ്പെൻസറി തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നു തുടങ്ങുമെന്നു വ്യക്തമാക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ഡോ. എ. ആർ. മേനോൻ):

(എ) 14.

(ബി) ഉണ്ട്.

(സി) ആവുന്നതും വേഗത്തിൽ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഐ വീക്കിലി ഡിസ്പെൻസറികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണുണ്ടായിരിക്കുക?

ഡോക്ടർ എ. ആർ. മേനോൻ: ഡോക്ടർ ആഴ്ചയിൽ രണ്ടു പ്രാവശ്യം പോകും. മരുന്നുകൾ അവിടെത്തന്നെയുണ്ടായിരിക്കും. ഒരു പ്രാവശ്യം ഡോക്ടർ പോയാൽ, പിന്നെ മൂന്നാംദിവസമേ പോകാൻ സാധിക്കൂ. ഇതു് ജനങ്ങൾക്കു വളരെ ബുദ്ധിമുട്ടുള്ള കാര്യമാണെന്നറിയാം. തൽക്കാലം ആളുകൾ ഇല്ലാത്തതുകൊണ്ടാണ് ഐ വീക്കിലി ഡിസ്പെൻസറികൾതന്നെ സൗകര്യമായ സ്ഥലങ്ങളിൽ ആരംഭിക്കാത്തതു്. കഴിയുന്നതും ഈ സൗകര്യം ചെയ്തുകൊടുക്കാൻ ശ്രമിക്കും.

LIBRARY ARCHIVES Kerala Legislative Assembly